DESPATCHED
On. 04/01/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം.

ഹർജി നമ്പർ സി.പി. 835(3)/2019/എസ്.ഐ.സി.

ഉത്തരവ് തീയതി : 28.10.2020

സന്നിഹിതൻ

ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ

ശ്രീ. പ്രമോദ് പി.വി,
പുതിയാനം വീട്ടിൽ (ഹൗസ്), വാഴപ്പറമ്പ്,
പിലാശ്ശേരി, കുന്നമംഗലം – 673 571. } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
കേരളാ സ്റ്റേറ്റ് വോളിബോൾ അസോസിയേഷൻ,
നൂർമഹൽ, പെരിന്തൽമണ്ണ. } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 03.06.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | NIL |
| കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ച തീയതി | 27.07.2019 |
| ഹർജിക്കാരന്റെ പരാതി കൈപ്പറ്റിയ തീയതി | 02.08.2019 |

## ഉത്തരവ്

28.10.2020 ന് കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ പരാതി ഹർജി ഓഡിയോ കോൺഫറൻസിലൂടെ തീർപ്പാക്കുന്നതിനായി ഫോൺ നമ്പർ ലഭ്യമാക്കണമെന്ന് കാണിച്ച് 05.10.2020 ന് 12982/എസ്.ഐ.സി–ജി1/2019 എന്ന കത്ത് മുഖേന ഇരു കൂട്ടർക്കും കമ്മീഷൻ ജോയിന്റ് സെക്രട്ടറി നിർദ്ദേശം നൽകിയെങ്കിലും പരാതി ഹർജിക്കാരൻ ഫോൺ നമ്പർ ലഭ്യമാക്കിയില്ല. ആയതിനാൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ (എസ്.പി.ഐ.ഒ) നേരിട്ടുള്ള വിശദീകരണവും, പരാതി ഹർജിയും അനുബന്ധ രേഖകളും വിശദമായി പരിശോധിച്ച് ഈ പരാതി ഹർജി താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

2. കേരള സ്റ്റേറ്റ് വോളിബോൾ അസോസിയേഷന്റെ അധീനതയിലുള്ളതും പ്രസ്തുത സ്ഥാപനവുമായി ബന്ധപ്പെട്ടതുമായ ചില വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് കേരള സ്റ്റേറ്റ് വോളിബോൾ അസോസിയേഷൻ സെക്രട്ടറിയ്ക്ക് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് യാതൊരു മറുപടിയും ലഭിച്ചില്ലെന്ന് പരാതിപ്പെട്ടുകൊണ്ടാണ് അപേക്ഷകനായ ശ്രീ.പി.വി പ്രമോദ് കമ്മീഷൻ മുമ്പാകെ ഈ പരാതി ഹർജി സമർപ്പിച്ചത്.

3. ഈ പരാതി ഹർജി സംബന്ധിച്ച് കേരള സ്റ്റേറ്റ് വോളിബോൾ അസോസിയേഷന്റെ സെക്രട്ടറി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ വിശദീകരിച്ചതും, ടെലഫോണിക് ഹിയറിംഗിൽ നേരിട്ട് ബോധിപ്പിച്ചതും സംസ്ഥാന വോളിബോൾ അസോസിയേഷൻ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അഫിലിയേഷൻ ഇല്ലാത്ത സംഘടനയാണെന്നും, യാതൊരുവിധ സർക്കാർ ആനുകൂല്യങ്ങളും കൈപ്പറ്റുന്നില്ലെന്നുമാണ്. അതിനാൽ ടി സംഘടന വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുമോയെന്ന് വ്യക്തമല്ലാത്തതിനാലാണ് വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകാതിരുന്നതെന്നാണ്.

4. വിവരാവകാശ നിയമത്തിലെ 2(h) വകുപ്പിലാണ് ടി നിയമത്തിന്റെ പരിധിയിൽ വരുന്ന പൊതു അധികാര സ്ഥാനങ്ങളെ നിർവചിച്ചിരിക്കുന്നത്. അത് പ്രകാരം ഭരണഘടനയാൽ സ്ഥാപിതമായതോ, നിയമസഭ പാസാക്കിയ നിയമത്തിൽ കൂടിയോ, സർക്കാർ ഉത്തരവിലൂടെയോ സ്ഥാപിതമായതോ, സർക്കാർ ഉടമസ്ഥതയിലോ, നിയന്ത്രണത്തിലോ ഉള്ളതും, ഗണ്യമായ സാമ്പത്തിക സഹായം സർക്കാരിൽ നിന്നും ലഭിക്കുന്ന സ്ഥാപനങ്ങളും, സർക്കാരിൽ നിന്നും നേരിട്ടോ അല്ലാതെയോ ഗണ്യമായ സാമ്പത്തിക സഹായം ലഭിക്കുന്ന സർക്കാർ ഇതര സംഘടനകളുമാണ് പൊതു അധികാര സ്ഥാപനത്തിന്റെ പരിധിയിൽ വരുന്നത്. മുകളിൽ പറഞ്ഞ പ്രകാരമുള്ള യാതൊരു വിശേഷണവും കേരള സ്റ്റേറ്റ് വോളിബോൾ അസോസിയേഷന് ഉള്ളതായി സ്ഥാപിക്കുവാൻ ഹർജിക്കാരന് കഴിഞ്ഞിട്ടില്ല. അതിനുതകുന്ന യാതൊരു തെളിവു

കളും കമ്മീഷനിൽ ലഭ്യമായിട്ടുമില്ല. ആ സ്ഥിതിക്ക് കേരള സ്റ്റേറ്റ് വോളിബോൾ അസോസിയേഷൻ വിവരാവകാശ നിയമത്തിലെ 2(h) വകുപ്പിൽ നിർവചിച്ചിരിക്കുന്ന പൊതു അധികാര സ്ഥാനത്തിന്റെ പരിധിയിൽ വരുന്നതല്ലായെന്ന നിഗമനത്തിൽ എത്തികൊണ്ട് ഈ പരാതി ഹർജി തള്ളികളഞ്ഞുകൊണ്ട് ഇന്നേ ദിവസം, 2020 ഒക്ടോബർ മാസം 28–ാം തീയതി തീർപ്പാക്കുന്നു.

**ഒപ്പ്**
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

JN